# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : T5871.

8..7..2013-ൽ മറുപടിക്ക്

## അന്യസംസ്ഥാന പാലിന്റെ ഗുണമേന്മ

**ചോദ്യം**

ശ്രീ. ചിറ്റയം ഗോപകുമാർ:

(എ) ഗുരുതരമായ ആരോഗ്യപ്രശ്നം സൃഷ്ടിക്കുന്ന മാരക രാസവസ്തുക്കൾ ചേർത്ത് തമിഴ്നാട്ടിൽ നിന്നും പാൽ എത്തിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയതുമായി ബന്ധപ്പെട്ട എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നറിയിക്കുമോ;

(സി) ചെക്ക് പോസ്റ്റുകളിൽ ഇതിലേയ്ക്കായി പ്രത്യേക സ്ക്വാഡുകളെ രൂപീകരിച്ച് ആരോഗ്യപ്രശ്നം സൃഷ്ടിക്കുന്ന വിഷയത്തിന്മേൽ പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**ഉത്തരം**

ശ്രീ. കെ.സി. ജോസഫ്.
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)

(എ) & (ബി) ഉണ്ട്. ഇത് സംബന്ധിച്ച് കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ നിശ്ചിത ഗുണനിലവാരം പുലർത്തുന്നില്ല എന്ന് കണ്ടെത്തിയ ഹെറിറ്റേജ് പത്മനാഭ, മെയ്മ, ജേഷ്ഠ, കെ.സി.എ., ലയ എന്നീ പാൽ ബ്രാന്റുകൾ കഴിഞ്ഞ ഒരു വർഷത്തിനിടയ്ക്ക് സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ട്.

(സി) ചെക്ക് പോസ്റ്റുകളിൽ ഗുണനിലവാര പരിശോധനയ്ക്കായി ക്ഷീരവികസന വകുപ്പിൻ കീഴിൽ സ്ഥിരം സംവിധാനങ്ങൾ നിലവിലില്ല. എന്നാൽ ഓണക്കാലത്ത് കേരളത്തിലെ 6 പ്രധാന ചെക്ക് പോസ്റ്റുകളിൽ താത്ക്കാലിക ലാബുകൾ സജ്ജീകരിച്ച് അയൽ സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന പാലിന്റെ ഗുണനിലവാരം ക്ഷീരവികസന വകുപ്പ് പരിശോധിക്കുന്നുണ്ട്. ഫുഡ് സേഫ്റ്റി സ്റ്റാന്റേർഡ്സ് ആക്ട് 2006 നിലവിൽ വന്നതോടു കൂടി പാലിന്റെ ഗുണനിലവാര നിർണ്ണയം സംബന്ധിച്ചുള്ള നടപടികൾക്കുള്ള അധികാരം ക്ഷീരവികസന വകുപ്പിൽ നിന്നും ഫുഡ് സേഫ്റ്റി കമ്മിഷണറിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. ആയതിൻ പ്രകാരം അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന പാലിന്റെ സാമ്പിളുകൾ ഉൾപ്പെടെ മാർക്കറ്റിൽ ലഭ്യമാകുന്ന സാമ്പിളുകൾ ഫുഡ് സേഫ്റ്റി ഓഫീസർമാർ ശേഖരിച്ച് ഫുഡ് സേഫ്റ്റി കമ്മിഷണറുടെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സ്ഥിതിചെയ്യുന്ന അനലിറ്റിക്കൽ ലാബിൽ പരിശോധിക്കാറുണ്ട്. പാലിന്റെ ഉപഭോഗം കൂടുന്ന ഓണം പോലുള്ള ഉത്സവകാലത്ത് ചെക്ക്പോസ്റ്റ് കേന്ദ്രീകരിച്ച് സ്പെഷ്യൽ സ്ക്വാഡുകളുടെ നേതൃത്വത്തിൽ അന്യസംസ്ഥാനത്തു നിന്ന് വരുന്ന പാൽ പരിശോധനയ്ക്കായി എടുക്കാറുണ്ട്.

സെക്ഷൻ ഓഫീസർ.